"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - രജിസ്ട്രേഷൻ - ഓപ്പറേഷൻ പഞ്ചികിരൺ - കൊല്ലം ജില്ലയിലെ അഞ്ചാലുംമൂട് സബ് രജിസ്ട്രാരാഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - ഓഫീസ് അറ്റന്റന്റ് ശ്രീമതി.ശ്രീജ.എസ്.ആർ-നെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.487/2024/TAXES തീയതി,തിരുവനന്തപുരം, 09-06-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28/03/2023-ലെ ഇ3-(എസ് സി/148/2022/കെ എൽഎം)10940/2023/ഡി വി എ സി ബി നമ്പർ കത്ത്.
2. ശ്രീമതി.ശ്രീജയ്ക്ക് നൽകിയ 22/11/2023-ലെ ഇ1/193/2023-നികുതി നമ്പർ കുറ്റപത്രം.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 20/03/2024-ലെ ഐജിആർ/5991/2023-ഇ9 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതായ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി **"ഓപ്പറേഷൻ പഞ്ചികിരൺ"** എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് 15/11/2022-ന് അഞ്ചാലുംമൂട് സബ് രജിസ്ട്രാർ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേട് കണ്ടെത്തിയതായി പരാമർശം (1) പ്രകാരം വിജിലൻസ് റിപ്പോർട്ട് ചെയ്യുകയുണ്ടായി;

*അഞ്ചാലുംമൂട് സബ് രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റന്റന്റ് ശ്രീമതി. ശ്രീജ എസ്.ആർ.-ന്റെ മേശയിൽ നിന്നും കണക്കിൽപ്പെടാത്ത 105/- രൂപ കണ്ടെത്തിയതിനെപ്പറ്റി ടിയാൾക്ക് കൃത്യമായ വിശദീകരണം നൽകാൻ കഴിഞ്ഞിട്ടില്ല.*

2) മേൽ ക്രമക്കേടിനുത്തരവാദിയായ ഓഫീസ് അറ്റന്റന്റ് ശ്രീമതി.ശ്രീജ എസ്.ആർ-നെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ലഘു ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും, പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ നല്കുകയും ചെയ്യുകയുണ്ടായി. കുറ്റാരോപണമെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച പ്രതിവാദപത്രിക പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയുണ്ടായി.

3) 10/11/2022 മുതൽ അഞ്ച് ദിവസത്തെ ആകസ്മിക അവധിക്ക് ശേഷം 15/11/2022-നാണ് ടിയാൾ ഓഫീസിൽ വന്നതെന്നും, ഓഫീസിൽ രണ്ട് ഓഫീസ് അറ്റന്റന്റുമാരുള്ളതിൽ

ഒരാൾ ട്രഷറി ഡ്യൂട്ടിക്കായി നിയോഗിക്കപ്പെടുകയും മറ്റേയാൾ ആധാരസംബന്ധമായ ജോലികളിൽ സബ് രജിസ്ട്രാറെ സഹായിക്കുകയുമാണ് ചെയ്യുന്നതെന്നും, വിജിലൻസിന്റെ മിന്നൽ പരിശോധനാ ദിവസമായ 15/11/2022-ന് ടിയാൾ ആധാര സംബന്ധമായ ഓഫീസ് ജോലികളും കൂടെയുള്ള ഓഫീസ് അറ്റന്റന്റ് ട്രഷറി ഡ്യൂട്ടിയുമാണ് ചെയ്തിരുന്നതെന്നും ഓഫീസ് അറ്റന്റന്റ് ശ്രീമതി.ശ്രീജ എസ്.ആർ ബോധിപ്പിക്കുകയുണ്ടായി.

4) ടിയാൾ അവധിയിലായിരുന്ന ദിവസങ്ങളിൽ ടി 105/- രൂപ കണ്ടെത്തിയ മേശ കൈകാര്യം ചെയ്തിരുന്നത് കൂടെയുള്ള ഓഫീസ് അറ്റന്റന്റ് ആയിരുന്നുവെന്നും, മേശയോട് ചേർന്നുള്ള കസേരയിലിരുന്നാണ് ആധാരസംബന്ധമായ ജോലികൾ ചെയ്തിരുന്നതെന്നും, ഓഫീസ് അറ്റന്റന്റമാർക്ക് ഓഫീസിൽ പ്രത്യേകമായി ഇരിപ്പിടമോ മേശയോ ഇല്ലെന്നും, ആധാര ജോലികൾക്കായി നിയോഗിക്കുമ്പോഴാണ് അവിടെ ഇരിക്കാറുള്ളതെന്നും, അതിലിരുന്ന് കഴിഞ്ഞാൽ മേശ പൂർണ്ണമായി തുറക്കാൻ പറ്റില്ലെന്നും ശ്രീമതി.ശ്രീജ എസ്.ആർ ബോധിപ്പിക്കുകയുണ്ടായി. വിജിലൻസ് പരിശോധനയിൽ മേശയ്ക്കുള്ളിൽ നിന്ന് കണ്ടെത്തിയ രൂപ പരിശോധനയുടെ തലേന്നാൾ (14/11/2022) 15 രൂപ നിരക്കിലുള്ള 7 ശിശുദിന സ്റ്റാമ്പുകൾ വിറ്റയിനത്തിൽ കിട്ടിയ തുകയായിരുന്നുവെന്നും, അന്നേ ദിവസം ചുമതലയുണ്ടായിരുന്ന ഓഫീസ് അറ്റന്റന്റ് ശ്രീ.സലിം സ്റ്റാമ്പ് വിറ്റ തുക മേശയ്ക്കുള്ളിലേയ്ക്ക് നിക്ഷേപിക്കുകയായിരുന്നുവെന്നും, ടിയാൻ സന്നി, മാനസിക വിഭ്രാന്തി എന്നിവയ്ക്കുള്ള സെഡേറ്റീവ് ഗുളിക കഴിക്കുന്നതിനാൽ ഓർമ്മക്കുറവുള്ളതുകൊണ്ടായിരിക്കാം 15/11/2022-ന് ട്രഷറി ഡ്യൂട്ടിക്കായി പോകുന്നതിന് മുമ്പ് ടി തുക സംബന്ധിച്ച വിവരം തന്നോട് പറയുകയോ പരിശോധനാ വേളയിൽ കക്ഷിക്ക് ഓർമ്മ വരാതെ പോവുകയോ ചെയ്തതെന്നും, മേശ പൂർണ്ണമായും തുറക്കാത്തതിനാൽ മേശയ്ക്കുള്ളിൽ കിടന്ന തുക ടിയാളുടെ ശ്രദ്ധയിൽപ്പെട്ടില്ലെന്നും, എന്നാൽ സ്റ്റാമ്പ് വിറ്റതു സംബന്ധിച്ച പതിവുകൾ രജിസ്റ്ററിൽ ചേർത്ത് സബ് രജിസ്ട്രാർ ഇനിഷ്യൽ ചെയ്തിരുന്നുവെന്നും, ടി രജിസ്റ്റർ ഹെഡ് ക്ലാർക്ക് കൈകാര്യം ചെയ്ത് വന്നിരുന്നതും അവരുടെ കസ്റ്റഡിയിലുമായിരുന്നെന്നും, ഹെഡ് ക്ലാർക്ക് അന്നേ ദിവസം 4 മണിയ്ക്ക് ശാരീരിക അസ്വസ്ഥതകൾ കാരണം പെർമിഷനിൽ പോയതിനാൽ സബ് രജിസ്ട്രാറുടെ പക്കലുണ്ടായിരുന്ന രജിസ്റ്ററുകൾ മാത്രമേ വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നുള്ളുവെന്നും, അതുകൊണ്ടാണ് ടി തുക സംബന്ധിച്ച വിവരം ശരിയായ രീതിയിൽ വിജിലൻസ് ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്താൻ കഴിയാതെ പോയതെന്ന് ടിയാൾ ബോധിപ്പിക്കുകയുണ്ടായി.

5) രജിസ്റ്ററിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുള്ളത് പരിശോധിച്ചതിൽ 01/07/2020-ന് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 30,000/- രൂപയുടെ 2000 സ്റ്റാമ്പ് ആദ്യമായി വിറ്റതായി രേഖപ്പെടുത്തിയിരിക്കുന്നത് 14/11/2022-നാണെന്നും, അതായത് സ്റ്റാമ്പ് ലഭിച്ച് ഏകദേശം രണ്ടര വർഷത്തിനു ശേഷം വിജിലൻസ് പരിശോധനയുടെ തലേദിവസമാണ് ആദ്യമായി 7 സ്റ്റാമ്പ് വിറ്റതായി രേഖപ്പെടുത്തിയിരിക്കുന്നതെന്നും, രജിസ്റ്ററിലെ തുടർന്നുള്ള എൻട്രികൾ പരിശോധിച്ചാൽ 2023 ജൂലൈ വരെയായി ആകെ 25 ദിവസങ്ങളിൽ മാത്രമാണ് സ്റ്റാമ്പ് വിറ്റതായി രേഖപ്പെടുത്തിക്കാണുന്നതെന്നും, ആയതിനാൽ ടി രജിസ്റ്റർ വിശ്വസനീയമായ തെളിവായി കാണാനാകില്ലെന്നും, ടി സാഹചര്യത്തിൽ ടിയാളുടെ വിശദീകരണം തൃപ്തികരമല്ലെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെടുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി.ശ്രീജ സമർപ്പിച്ച പ്രതിവാദപത്രിക പൂർണ്ണമായും തൃപ്തികരമല്ലാത്തതിനാലും, തെളിവായി ടിയാൾ സമർപ്പിച്ചിരിക്കുന്ന

രജിസ്റ്ററിന്റെ പകർപ്പ് പൂർണ്ണമായും വിശ്വസിക്കത്തക്കതല്ലാത്തതിനാലും ടിയാൾക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി *KCS(CC&A) ചട്ടങ്ങളിലെ ചട്ടം 11 (1) (i)* പ്രകാരം ***"സെൻഷർ" നൽകി*** തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ശ്രീമതി.ശ്രീജ, ഓഫീസ് അറ്റന്റന്റ്, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

വിജിലൻസ് (എ) വകുപ്പ് (26/09/2023-ലെ വിജി-എ2/183/2023-വിജി പ്രകാരം.)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Praneesh M P
Date: 10-06-2024 14:54:39